Draft #49 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 26-Apr-2021 04:37 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 26.04.2021

**<u>സർക്കുലർ</u>**

വിഷയം:- കോവിഡ് 19 - നിർവ്യാപനം - സർവ്വകലാശാലയിൽ പാലിക്കേണ്ട മുൻകരുതലുകൾ - ജീവനക്കാർക്കുള്ള തുടർമാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- വൈസ് ചാൻസലറുടെ ഉത്തരവോടു കൂടിയ 22.04.2021 തീയതിയിലെ വി.സി. 702/01/050/2021 നമ്പർ കുറിപ്പ്.

------

കോവിഡ് 19 വൈറസ് മഹാമാരിയുടെ രണ്ടാം തരംഗം നേരിടുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും സർവ്വകലാശാല ക്യാമ്പസ്സിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ജീവനക്കാർ കർശനമായി പാലിക്കുന്നതിലേക്കായി രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി പുറപ്പെടുവിക്കുന്നു.

1. ജനിതക മാറ്റം വന്ന കൊറോണ വൈറസ് വായുവിൽ കൂടി വ്യാപിക്കും എന്ന് ഐ സി എം ആർ പഠനങ്ങൾ സൂചിപ്പിക്കുന്ന സാഹചര്യത്തിൽ മാസ്ക് ധരിക്കാതെ ആരും സർവ്വകലാശാലാ ക്യാമ്പസ്സിൽ പ്രവേശിക്കാൻ പാടുള്ളതല്ല. സർവ്വകലാശാലാ ജീവനക്കാർ യാതൊരു കാരണവശാലും മാസ്കില്ലാതെ സംസാരിക്കുവാനോ ആശയ വിനിമയം നടത്തുവാനോ പാടുള്ളതല്ല.
2. സർവ്വകലാശാലാ കാര്യാലയത്തിൽ തിരിച്ചറിയൽ കാർഡില്ലാതെ ജീവനക്കാർ പ്രവേശിക്കാൻ പാടുള്ളതല്ല. തിരിച്ചറിയൽ കാർഡില്ലാത്ത ജീവനക്കാർ അഞ്ച് ദിവസത്തിനകം കാർഡ് കൈപ്പറ്റേണ്ടതാണ്. കാർഡ് ലഭിക്കുന്നത് വരെ രജിസ്ട്രാർ അനുവദിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്യാമ്പസ്സിൽ പ്രവേശിക്കാൻ പാടുള്ളൂ.
3. ശാരീരിക അകലം പാലിക്കുന്നതിൽ എല്ലാവരും ജാഗ്രത പുലർത്തേണ്ടതാണ്.
4. എ.സി. യുടെ ഉപയോഗം കഴിയുന്നത്ര പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. .

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം